**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ശശാക്തീകരൺ പുരസ്കാർ 2013-14 – ത്രിതല പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

==============================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.2855/2013/തസ്വഭവ തിരുവനന്തപുരം, തീയതി 21/11/2013.**

==============================================================

പരാമർശം:- 29.12.2012-ലെ സ.ഉ.(സാധാ) 3618/2012/ തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

ഭാരതസർക്കാരിന്റെ പഞ്ചായത്തീരാജ് മന്ത്രാലയം രാജീവ് ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാൻ (Rajeev Gandhi Panchayat Sashaktikaran Abhiyan) സ്കീമിന്റെ ഭാഗമായി സംസ്ഥാനങ്ങളിലെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ത്രിതല പഞ്ചായത്തുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള 'പഞ്ചായത്ത് ശശാക്തീകരൺ പുരസ്കാർ'-ന്റെ 2013-14 വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷകൾ സമർപ്പിക്കുന്നതിലേക്കായി സംസ്ഥാനത്ത് നിന്നും അർഹരായ പഞ്ചായത്തുകളെ കണ്ടെത്തുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കേന്ദ്ര പഞ്ചായത്തീ രാജ് മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള യോഗ്യതാമാനദണ്ഡങ്ങൾ ( Eligibility Criteria) അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ തയ്യാറാക്കിയ മാതൃകാമാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്ന പഞ്ചായത്തുകളിൽ നിന്നുമാണ് അർഹരായവരെ കണ്ടെത്തുന്നത്.

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഇതിനായി പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്വെയറിൽ **http://apps.lsgkerala.gov.in/peaisaward** എന്ന വിലാസത്തിൽ ലഭ്യമാകുന്ന അപേക്ഷാ ഫോറങ്ങളിൽ ആവശ്യമായ വിവരം രേഖപ്പെടുത്തി ഓൺലൈനായിതന്നെ സമർപ്പിക്കേണ്ടതാണ്.

3. ത്രിതല പഞ്ചായത്തുകൾക്ക് വേവ്വേറേ തയ്യാറാക്കിയിട്ടുള്ള അപേക്ഷകളിൽ ഓരോ കോളത്തിലും വ്യക്തമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുവെന്ന് അതത് പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പുവരുത്തിയ ശേഷമായിരിക്കണം സമർപ്പിക്കേണ്ടത്.

4. സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത വിലാസത്തിൽ തന്നെ ലഭ്യമാകുന്നതാണ്.

5. സംസ്ഥാനത്തെ എല്ലാം ത്രിതല പഞ്ചായത്തുകളും ഈ പദ്ധതിയിൽ പങ്കാളികളാകാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ പ്രസ്താവിച്ച പ്രകാരം അർഹതാ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തിയ അപേക്ഷകൾ 30.11.2013 ന് മുൻപായി തന്നെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (അച്ചടി ദൃശ്യമാധ്യമങ്ങളിലൂടെ വേണ്ടത്ര പ്രചാരണത്തിന്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ